# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:967 — 30.01.2019-ലെ മറുപടി

## ജലനിധി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജലനിധി രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ, സാദ്ധ്യമായ പഞ്ചായത്തുകളിൽ കെ.ഡബ്ല്യൂ.എ. യുടെ ബൃഹദ് പദ്ധതിയിൽ നിന്നും കുടിവെള്ളം ബൾക്ക് ആയി വാങ്ങി ജലനിധി മാതൃകയിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ കെ.ഡബ്ല്യൂ.എ. യുടെ മൾട്ടി ജി.പി. ബൃഹദ് പദ്ധതികൾ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തി ഗ്രാമീണ ജനതയ്ക്ക് കുടിവെള്ളം നല്കുന്നതിനുള്ള ദീർഘകാലാടിസ്ഥാനത്തിനുള്ള പദ്ധതികളും ജലനിധി നടപ്പിലാക്കി വരുന്നു. |
| (ബി) | അവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ | (ബി) | ഉണ്ട് |
| (സി) | ജലനിധി പദ്ധതികൾ പൂർത്തിയായി കഴിയുമ്പോൾ ഗുണഭോക്തൃ സമിതികൾ പദ്ധതിയുടെ പ്രവർത്തനവും പരിപാലനവും നടത്തണമെന്നത് ജലനിധി പദ്ധതികളുടെ പരാജയത്തിന് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | | ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ പൂർത്തീകരിച്ച് ഗുണഭോക്താക്കൾ ഏറ്റെടുത്ത 3710 പദ്ധതികളിൽ ഏകദേശം 35 ശതമാനം ഒരു ദശാബ്ദക്കാലത്തിനപ്പുറം തുടർ നടത്തിപ്പ് കഴിഞ്ഞപ്പോൾ വിവിധ കാരണങ്ങളാൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമായതായി കൺട്രോളർ & ഓഡിറ്റർ ജനറൽ നടത്തിയ പെർഫോമൻസ് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതനുസരിച്ച് 13-ാം പഞ്ചവത്സര പദ്ധതിയിൻ കീഴിൽ 2018-19 മുതൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ വകയിരുത്തി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നുണ്ട്. 2018-19 ലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ നൽകിയിട്ടുണ്ട്. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (ഡി) | ജലനിധി പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ജലനിധി പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ സ്കീമുകളിലും ക്ളോറിനേഷൻ സംവിധാനത്തിലൂടെയുള്ള അണുനശീകരണം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭൗതികവും രാസപരവുമായ (Physical & Chemical) മാലിന്യങ്ങളായ കലക്കൽ, ഇരുമ്പിന്റെ അംശം എന്നിവ നീക്കം ചെയ്യുന്നതിനായി പ്രഷർ സാൻറ് ഫിൽട്ടറുകളും, അയൺ റിമൂവൽ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. ജലനിധിയിൽ ഉൾപ്പെടുന്ന ബൃഹത്പദ്ധതികളിൽ ജലശുദ്ധീ കരണത്തിനായി ജലശുദ്ധീകരണ പ്ലാൻറുകൾ (Water Treatment Plant) നിർമ്മിച്ച് ശുദ്ധീകരിച്ചതിനു ശേഷമാണ് കുടിവെള്ളം വിതരണം ചെയ്തു വരുന്നത് |

സെക്ഷൻ ഓഫീസർ